(സി) ഇത്തരം തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മിനിമം കൂലിക്കാരുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് വർക്ക്ഷോപ്പ് ഹോട്ടൽ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന നടപടി ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) പരിശോധിച്ചുവരുന്നു.

(ബി) തൊഴിലാളികളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(സി) ആട്ടോമൊബൈൽ റിപ്പയറിംഗ് രംഗത്ത് പ്രവർത്തിക്കുന്നവരുൾപ്പെടെ സംസ്ഥാനത്തെ മൈനർ എഞ്ചിനീയറിംഗ് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളി വിഭാഗങ്ങളുടെ കുറഞ്ഞ കൂലി നിരക്കുകൾ 25-10-1997 -ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 2977/97/തൊഴിൽ നമ്പർ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഹോട്ടലുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി 4-7-1997-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 2267/97/തൊഴിൽ പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 1-ഉം 2-ഉം ആയി വയ്ക്കുന്നു). *

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

ചൈനീസ് സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതി

12 (*342) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൈനീസ് സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് മിനിജലവൈദ്യുതപദ്ധതികളുടെ സാദ്ധ്യത സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ചെറുകിട വൈദ്യുത പദ്ധതികൾ ഏറ്റെടുത്തു നടത്താൻ താൽപ്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ ഏജൻസികൾ എന്നിവയെ പ്രസ്തുത പദ്ധതികൾ ഏൽപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈമാറാൻ എത്ര ചെറുകിട ജലവൈദ്യുത പദ്ധതികളാണ് കണ്ടെത്തിയിട്ടുള്ളതെന്നും അവയിൽ എത്ര എണ്ണം കൈമാറിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ചൈനീസ് സഹകരണത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് വൈദ്യുതി ബോർഡ് ധാരണാപത്രം ഒപ്പിടുകയും അതിൽ നാല് പൈലറ്റ് പദ്ധതികൾക്ക് ഡിസൈൻ ഉണ്ടാക്കുന്നതിനുള്ള കരാർ ഒപ്പിടുകയും അതനുസരിച്ച് ഡിസൈൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 14 പദ്ധതികൾക്കുള്ള കരാറും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള കരാറും താമസം കൂടാതെ ഒപ്പുവയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് മിനി ജലവൈദ്യുത പദ്ധതികളുടെ സാദ്ധ്യതകളെ സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ പ്രാരംഭപഠനം നടത്തുകയും തുടർന്ന് സംസ്ഥാനത്തിന്റെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സമഗ്രമായ വികസനത്തിന് ആവശ്യമായ സാമ്പത്തിക സഹായത്തിനുവേണ്ടി ഒരു പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിന്റെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി ബോർഡ് നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഏകദേശം 600 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഏതാനും ചില ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്തുകളേയും സ്വകാര്യ ഏജൻസികളേയും അനുവദിച്ചിട്ടുണ്ട്. അവർ നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടപ്പിലാക്കുന്ന പദ്ധതികൾ

പദ്ധതിയുടെ പേര്	ജില്ലാപഞ്ചായത്തിന്റെ പേര്
1. അരിപ്പാറ	- കോഴിക്കോട് ജില്ല
2. അടിയൻപാറ	- മലപ്പുറം ജില്ല
3. കല്ലങ്കി	- കണ്ണൂർ ജില്ല
4. മീൻവള്ളം	- പാലക്കാട് ജില്ല

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിവരുന്ന പദ്ധതികൾ

പദ്ധതിയുടെ പേര്	ഏറ്റെടുത്തു നടത്തുന്ന കമ്പനിയുടെ പേര്
1. കുത്തുങ്കൽ (21 മെ.വാ)	- ഇൻഡ്സിൽ
2. ഭൂതത്താൻകെട്ട് (16 മെ.വാ)	- സിൽക്കാർ മെറ്റലർജിക് ലിമിറ്റഡ്
3. ഉള്ളുങ്കൽ (7 മെ.വാ)	- റ്റെസിൽ
4. കാരിക്കയം (15 മെ.വാ)	- റ്റെസിൽ

(ഇ) 12/98-ൽ 34 പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്നത് പരസ്യപ്പെടുത്തിയതിനെത്തുടർന്ന് എട്ട് പദ്ധതികൾക്കായി അഞ്ചു സ്വകാര്യ കമ്പനികൾ അപേക്ഷിക്കുകയുണ്ടായി. ഈ അപേക്ഷകൾ പരിഗണിച്ചു വരികയാണ്.

സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനുദ്ദേശിച്ച് സഹകരണ അക്കാദമി

13 (*343) ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സി. ജോസഫ് :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുദ്ദേശിച്ച് സഹകരണ അക്കാദമി സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) അതിനായി എത്ര തുക സ്വരൂപിച്ചിട്ടുണ്ട് ; എവിടെ നിന്നെല്ലാം ;

(സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും ധനശേഖരണം നടത്തിയിട്ടുണ്ടോ ;

(ഡി) സഹകരണ നിയമത്തിലെ ഏത് വ്യവസ്ഥകൾ പ്രകാരമാണ് അത്തരത്തിൽ ധനശേഖരണം നടത്തിയത് ;

(ഇ) സഹകരണ അക്കാദമിക്ക് പണം നൽകാൻ ആവശ്യപ്പെട്ട ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(എഫ്) പൊതുനന്മ ഫണ്ടിൽ നിന്നും ഇത്തരത്തിൽ തുക നൽകുന്നതിന് ഓരോ സ്ഥാപനത്തിന്റെയും ബൈലാ അനുവദിക്കുന്നുണ്ടോ ;

(ജി) ബൈലാ പ്രകാരം അനുവദിക്കാനാവാത്ത അത്ര വലിയ തുക ഏതെങ്കിലും സഹകരണസ്ഥാപനം അക്കാദമിക്ക് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(എച്ച്) പൊതുനന്മ ഫണ്ടിൽ നിന്നും വലിയ തുക നൽകുന്നതിന് ഡയറക്ടർ ബോർഡിന്റെ അനുമതി ആവശ്യമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly